**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4829** **13-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയുടെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ മത്സ്യമേഖല നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇ-ഹെൽത്ത് മാനേജ്മെന്റ്, എൻ.ആർ.എച്ച്.എം. എന്നിവരുടെ സഹായത്തോടെ തീരദേശ മേഖലയിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ ആകെ 13 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഇതിനായി 16.9 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സാന്ത്വന തീരം പദ്ധതിയുടെ ഭാഗമായി മാരകരോഗങ്ങൾക്ക് തുടർ ചികിത്സ തേടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ധനസഹായം നൽകുന്നു. 2022-23 വർഷത്തിൽ ഇതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 98 ഗുണഭോക്താക്കൾക്ക് 24,02,003 രൂപ 2022-23 വർഷം അനുവദിച്ചിട്ടുണ്ട്.<br><br><u>പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും</u><br><br>ഹൃദ്രോഗം - പരമാവധി 50,000/- രൂപ<br><br>വൃക്കരോഗം - പരമാവധി 50,000/- രൂപ<br><br>ക്യാൻസർ - പരമാവധി 50,000/- രൂപ<br><br>തലച്ചോറിലെ ട്യൂമർ -പരമാവധി 50,000/- രൂപ<br><br>തളർവാതം - പരമാവധി 12,000/- രൂപ<br><br>ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസികരോഗം - പരമാവധി 5,000/- രൂപ<br><br>വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു. 2022-23-ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.21 കോടി രൂപ വകയിരുത്തിയതിൽ 32.21 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>തീരദേശത്തെ 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി പദ്ധതി ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് മുഖേന നടപ്പാക്കി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ.ഐ.ടി/ ഐ.ഐ.ടി പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി.പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | തീരദേശ മേഖലകളിൽ പാർപ്പിടം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കുമോ? | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പുനർഗേഹം പദ്ധതിയിൽ മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8743 കുടുംബങ്ങളിൽ 1968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചു കഴിഞ്ഞു. 644 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയും 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുള്ളതും സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്. ഇതിനകം 3930 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും ജില്ലാതല സമിതി വില നിർണയിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിലവിൽ 5504 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമായിട്ടുള്ളതും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ശുദ്ധജലം, ശൗചാലയം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി കുടിവെള്ളം എത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും (വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, കളിസ്ഥല നിർമ്മാണം, ഡ്രെയ്നേജ്, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വികസനം) 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ